

സിഎംഎഫ്ആർഐ യിൽ നടക്കുന്ന ദേശീയ ശിൽപശാലയിൽ നിതി ആയോഗ് ഉപദേശകൻ ഡോ. അശോക് ജെയിൻ പ്രസംഗിക്കുന്നു.

# മൽസ്യ മേഖലയിലെ സബ്സിഡികൾ പഠനവിധേയമാക്കണം: ഡോ. അശോക് ജെയിൻ

കൊച്ചി ● മൽസ്യമേഖലയിൽ നിലവിലുള്ള സബ്സിഡികൾ ഫലപ്രദമാണോ എന്നതു പഠന വിധേയമാക്കണമെന്ന് നിതി ആയോഗ് ഉപദേശകൻ ഡോ. അശോക് ജെയിൻ. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) ആരംഭിച്ച ദേശീയ ശിൽപശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കടൽ സമ്പത്തിന്റെ സുസ്ഥിരമായ ഉപയോഗം ഉറപ്പുവരുത്തുന്നതിന് സബ്സിഡികളെക്കുറിച്ചു പഠനം നടത്തേണ്ടത് ആവശ്യമാണ്. സബ്സിഡികൾ നൽകുന്നത് അനധികൃത മൽസ്യബന്ധനരീതികൾ വർധിക്കാൻ കാരണമായിട്ടുണ്ടോ എന്നു പരിശോധിക്കണമെന്നും അദ്ദേഹം പറഞ്ഞു. മൽസ്യമേഖലയുമായി ബന്ധപ്പെട്ട് ഗവേഷണ സ്ഥാപനങ്ങൾ വികസിപ്പിച്ച സാങ്കേതിക വിദ്യകൾ നടപ്പിലാക്കുന്നതിൽ മിക്ക സംസ്ഥാനങ്ങളും ജാഗ്രത കാണിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട് എല്ലാ സംസ്ഥാനങ്ങൾക്കും നിതി ആയോഗ് നിർദേശങ്ങൾ അയയ്ക്കും. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, വേൾഡ് വൈൽഡ് ലൈഫ് ഫണ്ട്-ഇന്ത്യ പ്രോഗ്രാം ഡയറക്ടർ സേജൽ വോറ, സിഫ്റ്റ് ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ, ഡോ. പ്രവീൺ പുത്ര എന്നിവർ പ്രസംഗിച്ചു. ശിൽപശാല ഇന്നു സമാപിക്കും.